**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 443** **05-07-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർവ്വകലാശാലകളിൽ നിന്ന് ലഭിക്കുന്ന പദ്ധതി പദ്ധതിയേതര പ്രൊപ്പോസലുകൾ പരിശോധിച്ച് ഉചിതമായ രീതിയിൽ സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് സർവകലാശാലകൾക്ക് സ്വന്തം നിലയിൽ ധനസമാഹരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തിനു പുറമെ, സർവകലാശാല നിയമങ്ങൾക്കനുസൃതമായി അഡ്മിഷൻ ഫീ, ട്യൂഷൻ ഫീ, പരീക്ഷാ ഫീസ്, വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസുകൾ തുടങ്ങിയ ഇനങ്ങളിൽ വിദ്യാർത്ഥികളിൽ നിന്നും, അഫിലിയേഷൻ, അഡ്മിനിസ്ട്രേഷൻ ഫീസ് തുടങ്ങിയ ഇനങ്ങളിൽ കോളേജുകളിൽ നിന്നും സർവ്വകലാശാലകൾക്ക് തനതുവരുമാനം ലഭ്യമാണ്. |
| (സി) | സർവകലാശാലകളുടെ ധനകാര്യ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | അനുവദിക്കപ്പെട്ട പദ്ധതി പദ്ധതിയേതര ധനസഹായത്തിനും സർവകലാശാലകളുടെ തനത് ഫണ്ടിനും പുറമെ സാമ്പത്തിക ആവശ്യങ്ങൾ വരുന്ന പക്ഷം അനുവദിക്കപ്പെട്ട ഫണ്ടിന്റെ ഉപയോഗശേഷം പ്രസ്തുത ആവശ്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ